# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3249 | 19-06-2018 ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താഴെപ്പറയുന്ന പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. എസ്.എസ്.എൽ.സി., പ്ലസ് ടു , വി.എച്ച്.എസ്.സി. , ബിരുദ/ ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്.<br>2. വിധവ/വിവാഹബന്ധം വേർപെടുത്തിയ / ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി<br>3. മദ്രസ്സ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ചികിത്സാ ധനസഹായം.<br>4. മദ്രസ്സ ക്ഷേമനിധിയിൽ അംഗങ്ങളായ വനിതകൾക്ക് പ്രസവാനുകൂല്യം.<br>കൂടാതെ 2018-19 വർഷം താഴെപ്പറയുന്ന മൂന്നു പുതിയ പദ്ധതികൾക്കു കൂടി ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. നഴ്സിങ് / പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി.<br>2. സർക്കാർ / എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി.<br>3. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള വിവാഹപൂർവ്വ കൗൺസിലിങ് പദ്ധതി. |
| (ബി) | ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ